" ഭരണഭാഷ – മാതൃഭാഷ"

**കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ**

**കോർപ്പറേഷൻ ഓഫീസ് കൊല്ലം പിൻ - 691 001**

**ഫോൺ:** ***0474-2742192, 2746193, 2741381, ഫാക്സ് : 0474-2742724***

**Email:** secretarykollam@gmail.com

# പ്രസിദ്ധീകരണത്തിന്

## കൊല്ലം കോർപ്പറേഷൻ നഗര തെരുവ് കച്ചവട സമിതി തെരെഞ്ഞെടുപ്പ് വിജ്ഞാപനം

കൊല്ലം കോർപ്പറേഷൻ നഗര തെരുവ് കച്ചവട സമിതി ഇലക്ഷൻ നടത്തുന്നതിന് നഗരസഭ തീരുമാനിച്ചു.കേന്ദ്ര കേരള തെരുവ് കച്ചവട നിയമം , ചട്ടം എന്നിവയുടെ അടിസ്ഥാനത്തിൽ കൊല്ലം കോർപ്പറേഷൻ ബഹു. കൗൺസിൽ അംഗീകരിച്ച ഔദ്യോഗിക തെരുവ് കച്ചവട ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കാണ് ഇലക്ഷന് മത്സരിക്കാൻ സാധിക്കുന്നത്. സെപ്റ്റംബർ 5 മുതൽ സെപ്റ്റംബർ 19 വരെയാണ് നാമ നിർദേശക പത്രിക വിതരണം നടത്തുന്നത്. 9 പേരെയാണ് ഇലക്ഷൻ മുഖേന തെരഞ്ഞെടുക്കേണ്ടത് ആയതിൽ മൂന്നിൽ ഒന്ന് വനിതകളും, SC , ST , OBC , മൈനോറിറ്റി , ശാരീരിക ബലഹീനത ഉള്ളവർ എന്നിവർക്ക് പ്രത്യേകം റിസർവേഷൻ ഉള്ളതാണ് . ഇലക്ഷൻ ആവിശ്യമാകുന്ന പക്ഷം സെപ്റ്റംബർ 30 തീയതി രാവിലെ 11 മുതൽ 2 മണിവരെ ഇലക്ഷൻ നടത്തുന്നതായിരിക്കും.

CORPORATION OFFICE KOLLAM

റിട്ടേർണിംഗ് ഓഫീസർ

നഗര തെരുവ് കച്ചവടസമിതി

കൊല്ലം കോർപ്പറേഷൻ

# കൊല്ലം കോർപറേഷൻ നഗര തെരുവ് കച്ചവട സമിതി (TVC)

## തെരെഞ്ഞെടുപ്പ് നടപടികൾ - സമയക്രമം

| ക്രമ നം | കാര്യവിവരം | സമയക്രമം |
|---|---|---|
| 1 | കരട് വോട്ടർ പട്ടിക പ്രസിദ്ധീകരണം | 30/07/2024 |
| 2 | വോട്ടർ പട്ടികയിൽ ആക്ഷേപം സ്വീകരിക്കൽ | 16/08/2024 |
| 3 | അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | 19/08/2024 |
| 4 | തെരെഞ്ഞെടുപ്പ് വിജ്ഞാപനം പ്രസിദ്ധീകരിക്കൽ | 24/08/2024 |
| | വോട്ടർമാരെ തെരഞ്ഞെടുപ്പ് വിവരം അറിയിക്കൽ | 29/08/2024 |
| 5 | നാമനിർദ്ദേശ ഫോറം വിതരണം, നാമ നിർദ്ദേശ പത്രികാ സമർപ്പണം | 05/09/2024 രാവിലെ 10 മണി മുതൽ 19/09/2024 ന് വൈകിട്ട് 5 മണി വരെ |
| 6 | നാമ നിർദ്ദേശ പത്രിക സൂക്ഷ്മ പരിശോധനയും യോഗ്യരായവരുടെ വിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തലും | 20/09/2024 |
| 7 | നാമ നിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള സമയം | 27/09/2024 |
| 8 | ആവശ്യമുള്ള പക്ഷം തെരെഞ്ഞെടുപ്പ് നടത്തുന്ന തീയതി | 30/09/2024 രാവിലെ 11 മണി മുതൽ 2 PM മണി വരെ |
| 9 | വോട്ടെണ്ണലും ഫലപ്രഖ്യാപനവും | 30/09/2024 ന് വൈകിട്ട് 5 മണിക്ക് |

MUNICIPAL CORPORATION OFFICE KOLLAM

വരണാധികാരി
നഗര തെരുവ് കച്ചവട സമിതി തെരെഞ്ഞെടുപ്പ്
കൊല്ലം കോർപറേഷൻ

**കൊല്ലം കോർപ്പറേഷൻ നഗര തെരുവ് കച്ചവട സമിതി (TVC) തെരെഞ്ഞെടുപ്പ്**

**റിട്ടേണിംഗ് ഓഫീസറുടെ ഉത്തരവ് നടപടി**

**(ഹാജർ : ശ്രി എം . വേണു)**

**വിഷയം: കൊല്ലം കോർപ്പറേഷൻ – നഗര തെരുവ് കച്ചവട സമിതി (TVC) തെരെഞ്ഞടുപ്പ് – നടപടി ക്രമങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്**

---

നമ്പർ: CSSS4/NULM/20215 തീയതി: 21.08.2024

പരാമർശം

1. ദേശീയ നഗര തെരുവ് കച്ചവട സംരക്ഷണം നിയന്ത്രണ നിയമം 2014
2. 12.03.2018 ലെ കേരള തെരുവ് കച്ചവട ചട്ടം ഉത്തരവ്(പി)നം 15/2018/തസ്വഭവ
3. 12.03.2024 ലെ നഗരസഭ കൗൺസിലിന്റെ 12-ാം നമ്പർ തീരുമാനം
4. 19.02.2024 ലെ കേരളഗസറ്റിലെ 637-ാം നമ്പർ വിജ്ഞാപനം

തെരുവു കച്ചവട നിയമം 2014 ന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ പുറപ്പെടുവിച്ച 2018 ലെ തെരുവ് കച്ചവട ചട്ടം, നഗര തെരുവു കച്ചവട സമിതി (TVC) പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതു പ്രകാരം ഈ സമിതിയിലെ തെരുവ് വ്യാപാര പ്രതിനിധികളുടെ അംഗസംഖ്യ 9 എണ്ണമായി വർധിപ്പിച്ചിട്ടുണ്ട്. ഈ 9 അംഗങ്ങളെ തെരെഞ്ഞടുക്കുന്നതിന് മാർഗ്ഗ നിർദ്ദേശം ചട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. തെരുവു വ്യാപാര പ്രതിനിധികളിൽ മൂന്നിൽ ഒന്ന് പേർ വനിതകളും, SC, ST, OBC, മൈനോറിറ്റി, ശാരീരിക ബലഹീനത ഉള്ളവർ എന്നിവർ ഓരോന്ന് വീതവും ബാക്കി വരുന്ന അംഗങ്ങൾ പൊതുവിഭാഗത്തിൽ നിന്നുമാവേണ്ടതാണ്. നഗര കച്ചവട സമിതി അനുവദിച്ച തിരിച്ചറിയൽ കാർഡ് നമ്പർ ഉള്ളവരാണ് ഈ തെരെഞ്ഞടുപ്പിലെ വോട്ടർമാർ. ഇവരിൽ നിന്നും മേൽപറഞ്ഞ പ്രതിനിധികളെ കണ്ടെത്തേണ്ടതുണ്ട്. ഇതു പ്രകാരം കൊല്ലം കോർപ്പറേഷൻ തെരുവ് കച്ചവട സമിതി തെരെഞ്ഞടുപ്പ് നടപടികൾ പ്രസിദ്ധീകരിച്ചു ഇതിനാൽ ഉത്തരവാകുന്നു.

മേൽ സൂചനകൾ പ്രകാരം കൊല്ലം കോർപ്പറേഷനിലെ കച്ചവട സമിതി രൂപീകരിക്കുന്നതിന് തെരുവ് കച്ചവടക്കാരുടെ പ്രതിനിധികളെ തെരെഞ്ഞടുക്കുന്നതിനുള്ള തെരെഞ്ഞടുപ്പ് 2024 സെപ്റ്റംബർ 30

നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

1. നിലവിൽ എൻ.യു.എൽ.എം പദ്ധതി പ്രകാരം നഗര കച്ചവട സമിതി അംഗീകരിച്ചവരും തിരിച്ചറിയൽ കാർഡ് നമ്പർ ലഭിച്ചവരുമായ/നഗരസഭ അംഗീകരിച്ച തെരുവ് ക്കച്ചവട ലിസ്റ്റിൽ ഉൾപ്പെട്ട വഴിയോര തെരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്.
2. അന്തിമ വോട്ടർ പട്ടിക കൊല്ലം കോർപ്പറേഷൻ നോട്ടീസ് പ്രസിദ്ധീകരിക്കുന്നതാണ്.
3. 9 തെരുവ് കച്ചവട പ്രതിനിധികളെ ആണ് നഗര തെരുവ് സമിതിയിലേക്ക് തെരഞ്ഞെടുക്കുന്നത്, ഇതിൽ മൂന്നിലൊന്ന് പ്രതിനിധികൾ സ്ത്രീകൾ ആയിരിക്കണം, എസ്സി, എസ് ടി, മൈനോറിറ്റി, ശാരീരിക ബലഹീനത ഉള്ളവർ എന്നിവർക്ക് പ്രാധിനിത്യം നൽകുന്നതാണ്.
4. 2024 സെപ്റ്റംബർ 05 രാവിലെ 10 മുതൽ നാമ നിർദ്ദേശ പത്രിക ഫോറം എൻ.യു.എൽ.എം ഓഫീസിൽ നിന്നും സൗജന്യമായി ആയി നൽകുന്നതാണ്
5. സ്ഥാനാർത്ഥികൾ സെക്യൂരിറ്റി ഡെപ്പോസിറ്റായി ആയിരം രൂപ (₹1000/-) രൂപ നോമിനേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. സ്ഥാനാർത്ഥിക്ക് ആകെ പോൾ ചെയ്ത വോട്ടിന്റെ 1/6 ലഭിച്ചില്ലെങ്കിൽ സെക്യൂരിറ്റി ഡെപ്പോസിറ് നഗരസഭ തിരികെ നൽകുന്നതല്ല.
6. കുറ്റ കൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവരും രണ്ടിൽ കൂടുതൽ എഫ്.ഐ.ആർ ഉള്ളവരുമായ തെരുവ് കച്ചവടക്കാർക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ സാധിക്കില്ല.
7. 2024 സെപ്റ്റംബർ 19 ന് വൈകുന്നേരം 5 മണി വരെ റിട്ടേർണിംഗ് മുമ്പാകെ നാമ നിർദ്ദേശ പത്രിക സമർപ്പിക്കാവുന്നതാണ്.
8. 2024സെപ്റ്റംബർ 20-ാം തിയ്യതി നാമ നിർദേശ പത്രിക സൂഷ്മ പരിശോധന നടത്തുന്നതാണ്.
9. 2024 സെപ്റ്റംബർ 27-ാം തിയ്യതി നാമ നിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാന തീയതിയാണ്. അന്നേ ദിവസം നഗര തെരുവ് കച്ചവട സമിതിയിലേക്ക് തെരഞ്ഞെടുക്കുന്നവരുടെ എണ്ണവും അന്തിമ സ്ഥാനാർത്ഥികളുടെ എണ്ണവും തുല്യമായാൽ റിട്ടേർണിംഗ് ഓഫീസർ അവരെ വിജയികളായി പ്രഖ്യാപിക്കുന്നതാണ് .അല്ലാത്ത പക്ഷം അന്തിമ സ്ഥാനാർത്ഥികളുടെ എണ്ണം തെരഞ്ഞെടുക്കുന്നവരേക്കാൾ

കൂടുതൽ ആയാൽ പ്രസ്തുത ലിസ്റ്റ് അന്നേ ദിവസം 5 മണിക്ക് നഗരസഭ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. തുടർന്ന് 2024 30- ാം തീയതി രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 2 വരെ ബാലറ്റ് പേപ്പർ മുഖേന ഇലക്ഷൻ കൊല്ലം കോർപ്പറേഷൻ അനക്സ് ഹാളിൽ വെച്ച് നടത്തുന്നതും അന്നേ ദിവസം 5 മണിക്ക് വോട്ടെണ്ണി ഫലം പ്രഖ്യാപിക്കുന്നതും ആണ്.

10. വോട്ടെടുപ്പ് സംബന്ധിച്ച മുഴുവൻ അന്തിമ തീരുമാനങ്ങളും റിട്ടേർണിംഗ് ഓഫീസറിൽ നിക്ഷിപ്തമാണ്.
11. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നാമ നിർദേശക പത്രിക സമർപ്പിക്കുന്നതിനും വോട്ടെടുപ്പിനും നാമ നിർദേശക പത്രിക പിൻവലിക്കുന്നതിനും നഗരസഭയിൽ നിന്നും അനുവദിച്ച തിരിച്ചറിയൽ കാർഡ് നമ്പർ, ആധാർ കാർഡ് എന്നിവ സമർപ്പിക്കേണ്ടതാണ്.

തെരുവു കച്ചവട സംരക്ഷണ ചട്ടം പ്രകാരം കൊല്ലം കോർപ്പറേഷൻ നഗര തെരുവ് കച്ചവട സമിതി തെരഞ്ഞെടുത്ത റിട്ടേർണിംഗ് ഓഫീസർ ഇതിനാൽ ചെയ്യുന്നു .

റിട്ടേർണിംഗ്ഓഫീസർ
നഗര തെരുവ് കച്ചവട സമിതി ഇലക്ഷൻ
കൊല്ലം കോർപ്പറേഷൻ